# സാമൂഹ്യശാസ്ത്രം I


## യൂണിറ്റ് ഒന്ന്
## ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

**ആശയം : അമേരിക്കൻ സ്വാതന്ത്ര്യസമരം**

**ചോദ്യം :** അമേരിക്കൻ കോളനികളിൽ ഇംഗ്ലണ്ട് നടപ്പിലാക്കിയ വാണിജ്യനയം ഏത് പേരിൽ അറിയപ്പെടുന്നു? ഈ നിയമങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക.

**പ്രവർത്തനം ഒന്ന്**

അമേരിക്കൻ കോളനികളിൽ ഇംഗ്ലണ്ട് നടപ്പിലാക്കിയ വാണിജ്യനയമാണ് മെർക്കന്റലിസം. ഇതിലെ നിയമങ്ങൾ എഴുതി ചുവടെയുള്ള ചാർട്ട് പൂർത്തിയാക്കാം.




**ഉത്തരസൂചിക**

- പഞ്ചസാര, കമ്പിളി, പരുത്തി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക മാത്രമെ കയറ്റി അയയ്ക്കാവൂ.
- കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ, വർത്തമാന പത്രങ്ങൾ, ലൈസൻസുകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിന്റെ മുദ്ര പതിക്കണം.
- ഇംഗ്ലീഷ് കപ്പലുകളിലോ കോളനികളിൽ നിർമിച്ച കപ്പലുകളിലോ മാത്രമേ സാധനങ്ങൾ കൊണ്ടുപോകാവൂ.

**ആശയം : റഷ്യൻ വിപ്ലവം**

ചോദ്യം : തൊഴിലാളി വർഗത്തിന്റെ വളർച്ചയ്ക്ക് റഷ്യൻ വിപ്ലവം സഹായകമായത് എങ്ങനെ?

പ്രവർത്തനം രണ്ട്

റഷ്യൻ വിപ്ലവത്തിലെ പ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി ചുവടെ നൽകിയിരിക്കുന്ന ലിസ്റ്റ് പൂർത്തിയാക്കാം.

- 1905 ലെ റഷ്യ- ജപ്പാൻ യുദ്ധത്തിൽ റഷ്യക്കേറ്റ പരാജയം
- രക്തരൂക്ഷിതമായ ഞായറാഴ്ച
- 
- 
- 
- 

**ഉത്തരസൂചിക**

- 1917 മാർച്ച് 8 ന് സ്ത്രീകൾ നടത്തിയ പ്രകടനം
- പെട്രോഗ്രാഡ് പട്ടണം തൊഴിലാളികൾ പിടിച്ചെടുത്തു. നിക്കോളാസ് രണ്ടാമൻ സ്ഥാനമൊഴിഞ്ഞു
- ഫെബ്രുവരി വിപ്ലവം - അലക്സാണ്ടർ കെറൻസ്കിയുടെ നേതൃത്വത്തിൽ ഒരു താല്ക്കാലിക ഗവൺമെന്റ് നിലവിൽ വന്നു.
- ഒക്ടോബർ വിപ്ലവം - താല്ക്കാലിക ഗവൺമെന്റിൽ നിന്നും ബോൾഷെവിക്കുകൾ അധികാരം പിടിച്ചെടുത്ത സംഭവം.
- ലെനിൻ അധ്യക്ഷനായ കാബിനറ്റിന് രൂപം നൽകി.
- സോവിയറ്റ് യൂണിയൻ നിലവിൽ വന്നു.

**പ്രവർത്തനം മൂന്ന്**

ചൈന ഒരു ജനകീയ റിപ്പബ്ലിക് ആയിമാറിയത് എങ്ങനെ?

ചൈനീസ് വിപ്ലവത്തിന്റെ വിവിധ ഘട്ടങ്ങൾ വിശകലനം ചെയ്ത് ചുവടെ നൽകിയിരിക്കുന്ന ലിസ്റ്റ് പൂർത്തിയാക്കാം.

- ✔ 1900 ലെ ബോക്സർ കലാപം.
- ✔ 1911 ലെ ഡോ. സൺയാത് സെന്നിന്റെ നേതൃത്വത്തിലുള്ള വിപ്ലവം.
- ✔
- ✔
- ✔
- ✔

**ഉത്തരസൂചിക**

- ✔ ചിയാങ് കൈഷക്കിന്റെ സൈനിക ഏകാധിപത്യം.
- ✔ 1934 ലെ മാവോ സെ തുംഗിന്റെ നേതൃത്വത്തിലുള്ള ലോങ് മാർച്ച്.
- ✔ 1949 ഒക്ടോബർ 1 ന് ചൈന മാവോ സെ തുംഗിന്റെ നേതൃത്ത്വത്തിൽ ജനകീയ ചൈന റിപ്പബ്ലിക് ആയി മാറി.

## യൂണിറ്റ് രണ്ട്

## ലോകം ഇരുപതാം നൂറ്റാണ്ടിൽ

**ആശയം** : ഒന്നാം ലോകയുദ്ധം.

**പ്രവർത്തനം ഒന്ന്**

തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഒന്നാംലോകയുദ്ധത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്യുക.

- സൈനിക സഖ്യങ്ങൾ
- തീവ്രദേശീയത
- സാമ്രാജ്യത്വ പ്രതിസന്ധികൾ

**ഉത്തരസൂചിക**

സൈനികസഖ്യങ്ങൾ

- ത്രികക്ഷി സഖ്യം - ജർമനി, ആസ്ട്രിയ- ഹംഗറി, ഇറ്റലി
- ത്രികക്ഷി സൗഹാർദം - ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യ

തീവ്രദേശീയത

- പാൻസ്ലാവ് പ്രസ്ഥാനം - റഷ്യ
- പാൻ ജർമൻ പ്രസ്ഥാനം - ജർമനി
- പ്രതികാര പ്രസ്ഥാനം - ഫ്രാൻസ്

സാമ്രാജ്യത്വ പ്രതിസന്ധികൾ

- മൊറോക്കൻ പ്രതിസന്ധി
- ബാൾക്കൺ പ്രതിസന്ധി

**പ്രവർത്തനം രണ്ട്**

രണ്ടാംലോകയുദ്ധത്തിന്റെ ദൂരവ്യാപകമായ ഫലങ്ങൾ എഴുതി ലിസ്റ്റ് പൂർത്തിയാക്കാം.

- യൂറോപ്യൻ രാജ്യങ്ങളുടെ ലോകമേധാവിത്വം തകർന്നു.
- ദശലക്ഷക്കണക്കിനുപേർ കൊല്ലപ്പെട്ടു.
- 
- 
- 
- 

**ഉത്തരസൂചിക**

- യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തിക നില താറുമാറായി
- ഏഷ്യൻ - ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു.
- ഐക്യരാഷ്ട്രസംഘടന രൂപീകരിച്ചു.
- അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികളായി മാറി.

**പ്രവർത്തനം മൂന്ന്**

'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ കണ്ടെത്തി എഴുതുക.

| എ | ബി |
|---|---|
| യാസർ അറഫാത്ത് | സോവിയറ്റ് യൂണിയന്റെ തകർച്ച |
| മിഖായേൽ ഗോർബച്ചേവ് | അഡോൾഫ് ഹിറ്റ്ലർ |
| ഫാഷിസം | പാലസ്തീൻ വിമോചന സംഘടന |
| നാസിസം | ബെനിറ്റോ മുസ്സോളിനി |

**ഉത്തരസൂചിക**


| എ | ബി |
|---|---|
| യാസർ അറഫാത്ത് | പാലസ്തീൻ വിമോചന സംഘടന |
| മിഖായേൽ ഗോർബച്ചേവ് | സോവിയറ്റ് യൂണിയന്റെ തകർച്ച |
| ഫാഷിസം | ബെനിറ്റോ മുസ്സോളിനി |
| നാസിസം | അഡോൾഫ് ഹിറ്റ്ലർ |

## യൂണിറ്റ് മൂന്ന്
## പൊതുഭരണം.

### പ്രവർത്തനം ഒന്ന്

പൊതുഭരണത്തിന്റെ പ്രാധാന്യം വിശദമാക്കുക.

**ചോദ്യം -** പൊതുഭരണത്തിന്റെ പ്രധാന്യം വിശദമാക്കുന്ന ചാർട്ട് പൂർത്തിയാക്കുക.





**ഉത്തരസൂചിക**

- സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു
- ജനകീയ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നു.

### പ്രവർത്തനം രണ്ട്

ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകളിൽ ഒന്നാണ് ശ്രേണീപരമായ സംഘാടനം. മറ്റുസവിശേഷതകൾ എഴുതുക. ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി ചുവടെ നൽകിയിരിക്കുന്ന ഡയഗ്രം പൂർത്തിയാക്കുക.



**ഉത്തരസൂചിക**

- രാഷ്ട്രീയ നിഷ്പക്ഷത
- വൈദഗ്ദ്ധ്യം
- യോഗ്യത അടിസ്ഥാനമാക്കി നിയമനം

**ആശയം : ലോക്പാൽ- ലോകായുക്ത**

ലോക്പാൽ, ലോകായുക്ത ഇവ താരതമ്യം ചെയ്യുക.

**പ്രവർത്തനം മൂന്ന് :** ചുവടെ നൽകിയിരിക്കുന്ന സൂചനകൾ പ്രയോജനപ്പെടുത്തി പട്ടിക പൂർത്തിയാക്കാം.

(ലോക്പാൽ, ലോകായുക്ത, ഓംബുഡ്സ്മാൻ, വിവരാവകാശ കമ്മീഷൻ)

| | |
|---|---|
| a) വിവരാവകാശ നിയമപ്രകാരം അധികാരങ്ങൾ പ്രയോഗിക്കുന്നു | ................................................................ |
| b) ദേശീയതലത്തിൽ അഴിമതി തടയുന്നു | ................................................................ |
| c) സംസ്ഥാനതലത്തിൽ അഴിമതി കേസുകൾ പരിശോധിക്കുന്നു | ................................................................ |
| d) ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും അഴിമതിയ്ക്കെതിരെ നടപടി സ്വീകരിക്കുന്നു. | ................................................................ |

a) വിവരാവകാശ കമ്മീഷൻ

b) ലോക്പാൽ


c) ലോകായുക്ത

d) ഓംബുഡ്സ്മാൻ

**ആശയം - ഇന്ത്യൻ സിവിൽ സർവീസ്**

ഇന്ത്യയിലെ ഉദ്യോഗസ്ഥവൃന്ദത്തിന്റെ വിവിധ വിഭാഗങ്ങളെ തരംതിരിച്ച് വിശദമാക്കുക.

**പ്രവർത്തനം നാല് :** ഇന്ത്യയിലെ സിവിൽ സർവീസിന്റെ വർഗീകരണം സൂചിപ്പിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.




**ഉത്തര സൂചിക**

a) കേന്ദ്രസർവീസ്
b) ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു
c) സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു
d) കേന്ദ്രസർവീസിലോ സംസ്ഥാനസർവീസിലോ നിയമിക്കപ്പെടുന്നു
e) സംസ്ഥാന ഗവൺമെന്റിനുകീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു
f) ഇന്ത്യൻ പോലീസ് സർവീസ്
g) ഇന്ത്യൻ റയിൽവേ സർവീസ്
h) സെയിൽടാക്സ് ഓഫീസർ

**ആശയം: ഇ-ഗവേണൻസ്**

ഇ-ഗവേണൻസ് കൊണ്ട് പൊതുജനങ്ങൾക്കുള്ള നേട്ടങ്ങൾ എന്തെല്ലാം?

**പ്രവർത്തനം അഞ്ച്**

- ഹയർസെക്കന്ററി പ്രവേശനത്തിനുള്ള ഏകജാലക അപേക്ഷ സമർപ്പിക്കുന്ന രീതി അധ്യാപകൻ വിശദമാക്കുന്നു (വീഡിയോ ദൃശ്യങ്ങൾ ലഭ്യമാണെങ്കിൽ ക്ലാസിൽ പ്രദർശിപ്പിക്കാവുന്നതാണ്.)

ഇതുപോലെയുള്ള മറ്റ് ഏതെല്ലാം സംവിധാനങ്ങൾ ഉണ്ട്?

a) ഭരണരംഗത്ത് ഇലക്ട്രോണിക് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്ന സംവിധാനം ഏതു പേരിൽ അറിയപ്പെടുന്നു.
b) ഈ സംവിധാനംകൊണ്ട് പൊതുജനങ്ങൾക്കുള്ള നേട്ടങ്ങൾ എന്തെല്ലാം?

**ഉത്തരസൂചിക**

a) ഇ -ഗവേണൻസ്

b) വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം.

- സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തു നിൽക്കേണ്ടതില്ല.
- സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു
- ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിക്കുന്നു.

## യൂണിറ്റ് നാല്

## ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

**പ്രവർത്തനം ഒന്ന്**

താഴെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| എ | ബി | സി |
|---|---|---|
| റയട്ട് വാരിവ്യവസ്ഥ | ....................(a)................. | മഹൽവാരി |
| ....................(b).............. | ബംഗാൾ, ബീഹാർ, ഒറീസ | ....................(c).............. |

**ഉത്തരസൂചിക**

a) ശാശ്വത ഭൂനികുതിവ്യവസ്ഥ

b) ദക്ഷിണേന്ത്യൻ പ്രദേശങ്ങൾ

c) വടക്കു പടിഞ്ഞാറൻ ഇന്ത്യ

**പ്രവർത്തനം രണ്ട്**

ഇന്ത്യയിലെ പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയുടെ കാരണങ്ങൾ ലിസ്റ്റ് ചെയ്യുക.

**ഉത്തരസൂചിക**

✔ യന്ത്രനിർമിത ബ്രിട്ടീഷ് തുണിത്തരങ്ങളുടെ ഇറക്കുമതി
✔ യന്ത്രനിർമിത  തുണിത്തരങ്ങളുടെ വിലക്കുറവ്
✔ റയിൽവേയുടെ വ്യാപനം
✔ ഉദ്യോഗസ്ഥരുടെ പീഡനവും ചൂഷണവും

## യൂണിറ്റ് അഞ്ച്

## സംസ്കാരവും ദേശീയതയും

**പ്രവർത്തനം ഒന്ന്**

'എ'  കോളത്തിനനുയോജ്യമായി 'ബി' കോളത്തിലുള്ളവയെ ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| ആര്യസമാജം | ജോതിബാ ഫൂലെ |
| രാമകൃഷ്ണമിഷൻ | ആത്മാറാം പാണ്ഡുരംഗ് |
| സത്യശോധക് സമാജം | സ്വാമിദയാനന്ദസരസ്വതി |
| പ്രാർത്ഥനാസമാജം | സ്വാമി വിവേകാനന്ദൻ |

**ഉത്തരസൂചിക**

| എ | ബി |
|---|---|
| ആര്യസമാജം | സ്വാമിദയാനന്ദസരസ്വതി |
| രാമകൃഷ്ണമിഷൻ | സ്വാമി വിവേകാനന്ദൻ |
| സത്യശോധക് സമാജം | ജോതിബാ ഫൂലെ |
| പ്രാർത്ഥനാസമാജം | ആത്മാറാം പാണ്ഡുരംഗ് |

**കൂടുതൽ അറിവിലേക്ക്**

| എ | ബി |
|---|---|
| അലിഗഡ്പ്രസ്ഥാനം | സർ സയ്യദ് അഹമ്മദ്ഖാൻ |
| സ്വാഭിമാനപ്രസ്ഥാനം | ഇ വി രാമസ്വാമി നായ്ക്കർ |
| തിയോസഫിക്കൽ സൊസൈറ്റി | ആനിബസന്റ് |
| ശ്രീനാരായണ ധർമപരിപാലനയോഗം | ശ്രീനാരായണഗുരു |
| ഹിതകാരിണിസമാജം | വീരേശലിംഗം |

| എ | ബി |
|---|---|
| ഗീതാഞ്ജലി | രവീന്ദ്രനാഥടാഗോർ |
| പ്രേമാശ്രമം | പ്രേംചന്ദ് |
| പാഞ്ചാലിശപഥം | സുബ്രഹ്മണ്യഭാരതി |
| നിബന്ധമാല | വിഷ്ണു കൃഷ്ണചിപ്ലുങ്കർ |
| എന്റെ ഗുരുനാഥൻ | വള്ളത്തോൾ നാരായണമേനോൻ |
| ഹയാത്ത്- ഇ-സാദി | അൽത്താഫ് ഹുസൈൻ |

**പ്രവർത്തനം രണ്ട്**

ഇന്ത്യൻ ദേശീയസമരകാലത്തെ പത്രങ്ങൾ വഹിച്ച പങ്ക് വിശദമാക്കുക.

- ✔ ഇന്ത്യയുടെ ഓരോ ഭാഗത്തും നടക്കുന്ന അടിച്ചമർത്തലിനെയും മർദക ഭരണത്തെയും കൂട്ടക്കൊലയേയുംകുറിച്ച് ഇന്ത്യയിലെമ്പാടുമുള്ള ജനങ്ങൾക്ക് വിവരം നൽകി.
- ✔ ബ്രിട്ടീഷ് ഭരണത്തിന്റെ സാമ്പത്തിക ചൂഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കി.
- ✔ ഇന്ത്യൻ സമൂഹത്തിലെ തിന്മകൾക്കും അനാചാരങ്ങൾക്കുമെതിരായി നടക്കുന്ന സാമൂഹിക പരിഷ്കരണങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.

**പ്രവർത്തനം മൂന്ന്**

ഇന്ത്യയിലെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ ഏതെല്ലാം?


**ഉത്തരസൂചിക**

- ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന വിവിധ അനാചാരങ്ങളെ എതിർക്കുക
- എല്ലാ മനുഷ്യർക്കും വിവേചനങ്ങളില്ലാതെ വഴിനടക്കാനും വസ്ത്രം ധരിക്കാനും വിദ്യാഭ്യാസം നേടാനുമുള്ള പൗരാവകാശങ്ങൾ നേടിയെടുക്കുക.

## യൂണിറ്റ് ആറ്
## സമരവും സ്വാതന്ത്ര്യവും

**പ്രവർത്തനം ഒന്ന്**

നിസഹകരണ സമരവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.




**ഉത്തരസൂചിക**

- നികുതി നൽകാതിരിക്കുക
- തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക
- വക്കീലൻമാർ കോടതികൾ ബഹിഷ്കരിക്കുക
- ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരിച്ചുനൽകുക

**പ്രവർത്തനം രണ്ട്**

'എ' കോളത്തിനനുയോജ്യമായവ 'ബി' കോളത്തിൽ നിന്ന് ക്രമപ്പെടുത്തി എഴുതുക.

| എ | ബി |
|---|---|
| അഭിനവ് ഭാരത് സൊസൈറ്റി | ലാലാഹർദയാൽ |
| ഗദർ പാർട്ടി | സുഭാഷ്ചന്ദ്രബോസ് |
| ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി | വി ഡി സവർക്കർ |
| ഫോർവേഡ് ബ്ലോക്ക് | സൂര്യസെൻ |

**ഉത്തരസൂചിക**

| എ | ബി |
|---|---|
| അഭിനവ് ഭാരത് സൊസൈറ്റി | വി ഡി സവർക്കർ |
| ഗദർ പാർട്ടി | ലാലാഹർദയാൽ |
| ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി | സൂര്യസെൻ |
| ഫോർവേഡ് ബ്ലോക്ക് | സുഭാഷ്ചന്ദ്രബോസ് |

**പ്രവർത്തനം മൂന്ന്**

ഇന്ത്യയുടെ ദേശീയ സമരത്തിൽ സുഭാഷ്ചന്ദ്രബോസ് വഹിച്ച പങ്ക് വിശദമാക്കുക.

സൂചന

- ഫോർവേഡ് ബ്ലോക്ക് എന്ന രാഷ്ട്രീയ പാർട്ടിക്ക് രൂപം നൽകി
-
-
-

**ഉത്തരസൂചിക**

- സിംഗപ്പൂരിൽ വച്ച് സ്വതന്ത്രഭാരതത്തിന് ഒരു താൽക്കാലിക ഗവൺമെന്റ് രൂപീകരിച്ചു.
- ജപ്പാന്റെ സഹായത്തോടെ ഇന്ത്യൻ നാഷണൽ ആർമി ഇന്ത്യയുടെ വടക്കുകിഴക്കൻ അതിർത്തിവരെ എത്തുകയും ഇംഫാലിൽ ദേശീയ പതാക ഉയർത്തുകയും ചെയ്തു.

**അധികവിവരം**


ഇന്ത്യൻ നാഷണൽ ആർമിയുടെ വനിതാവിഭാഗമായ ഝാൻസി റെജിമെന്റിന്റെ ചുമതല മലയാളിയായ ക്യാപ്റ്റൻ ലക്ഷ്മിക്കായിരുന്നു.

**ആശയം : സിവിൽ നിയമലംഘനം**

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ സിവിൽ നിയമ ലംഘനത്തിന്റെ പ്രസക്തി വിശദമാക്കുക.

പ്രവർത്തനം നാല്

സിവിൽ നിയമലംഘന സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ട് വെച്ച ആവശ്യങ്ങൾ രേഖപ്പെടുത്തിയ ചാർട്ട് പൂർത്തിയാക്കാം.




**ഉത്തരസൂചിക**

- കൃഷിക്കാർക്ക് 50% നികുതിയിളവ് നൽകുക
- രാഷ്ട്രീയത്തടവുകാരെ വിട്ടയയ്ക്കുക
- തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുക
- സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക

**പ്രവർത്തനം അഞ്ച്**

ഇന്ത്യയെ വിഭജിക്കാതെ അധികാരക്കൈമാറ്റം സാധ്യമല്ലെന്ന് വാദിച്ച മൗണ്ട്ബാറ്റൺ പദ്ധതിയുടെ പ്രധാനവ്യവസ്ഥകൾ എന്തെല്ലാം? ലിസ്റ്റ് പൂർത്തിയാക്കാം.

- മുസ്ലീങ്ങൾക്ക് ഭൂരിപക്ഷമുള്ള പ്രദേശത്ത് അവർ ആഗ്രഹിക്കുകയാണെങ്കിൽ ഒരു പ്രത്യേകരാജ്യം അനുവദിക്കേണ്ടതാണ്.
-
-
-

**ഉത്തരസൂചിക**

- പഞ്ചാബും ബംഗാളും രണ്ടായി വിഭജിക്കേണ്ടതാണ്
- വടക്കു പടിഞ്ഞാറൻ അതിർത്തി സംസ്ഥാനം പാക്കിസ്ഥാനിൽ ചേർക്കണോ വേണ്ടയോ എന്നു തീരുമാനിക്കുന്നതിന് ഹിതപരിശോധന നടത്തുന്നതാണ്.
- ബംഗാളിലെയും പഞ്ചാബിലെയും ഹിന്ദു - മുസ്ലീം സംസ്ഥാനങ്ങളുടെ അതിർത്തി നിർണയിക്കുന്നതിന് ഒരു അതിർത്തി നിർണയ കമ്മീഷനെ നിയമിക്കുന്നതാണ്.

## യൂണിറ്റ് ഏഴ്

## സ്വാതന്ത്ര്യാനന്തര ഇന്ത്യ

**ആശയം : ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ രൂപീകരണം.**

**പ്രവർത്തനം ഒന്ന്**

സ്വതന്ത്ര ഇന്ത്യയിലെ സംസ്ഥാന പുനസംഘടനയുടെ വിവിധ ഘട്ടങ്ങൾ വിശദമാക്കുക

സൂചന

- തെലുങ്ക് ഭാഷ സംസാരിക്കുന്നവർക്കായി ആന്ധ്രാ സംസ്ഥാനം രൂപീകരിക്കുന്നതിനായി പോട്ടി ശ്രീരാമലുവിന്റെ നിരാഹാരം
- 1953 ൽ തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്രാപ്രദേശ് സംസ്ഥാനം രൂപീകരിച്ചു.
- സംസ്ഥാന പുനസംഘടനാ കമ്മീഷൻ രൂപീകരണം
- ഫസൽ അലി അധ്യക്ഷൻ, എച്ച് എൻ കുൻസ്രു, കെ എം പണിക്കർ എന്നിവർ അംഗങ്ങൾ
- 1956 ൽ ഇന്ത്യൻ സംസ്ഥാനപുനസംഘടനാനിയമം പാസാക്കി
- 14 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണ പ്രദേശങ്ങളും നിലവിൽ വന്നു.

**ആശയം : ഇന്ത്യൻ വിദ്യാഭ്യാസ പുരോഗതി**

**പ്രവർത്തനം രണ്ട്**

1986 ലെ വിദ്യാഭ്യാസ നയത്തിന്റെ പ്രധാന നിർദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. പട്ടിക പൂർത്തിയാക്കുക.

- പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകുക.
-
-


**ഉത്തരസൂചിക**

- പ്രൈമറിതലത്തിൽ ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി നടപ്പിലാക്കണം
- ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം
- പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു പ്രോത്സാഹനം നൽകണം.

**ആശയം : ഇന്ത്യൻ വിദേശനയം - പഞ്ചശീലതത്വങ്ങൾ**

**പ്രവർത്തനം മൂന്ന്**

പഞ്ചശീലതത്വങ്ങൾ ഉൾപ്പെടുത്തി നൽകിയിരിക്കുന്ന ചാർട്ട് പൂർത്തിയാക്കാം.




**ഉത്തരസൂചിക**

- രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക
- ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക
- സമാധാനപരമായ സഹവർത്തിത്വം പാലിക്കുക
- സമത്വവും പരസ്പര സഹായവും പുലർത്തുക.

## യൂണിറ്റ് എട്ട്

## കേരളം ആധുനികതയിലേക്ക്

**ആശയം : സാമൂഹിക പരിഷ്കർത്താക്കളും പ്രസ്ഥാനങ്ങളും**

**പ്രവർത്തനം ഒന്ന്**

'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും കണ്ടെത്തി ക്രമപ്പെടുത്തുക

| എ | ബി |
|---|---|
| വി ടി ഭട്ടതിരിപ്പാട് | ആത്മവിദ്യാസംഘം |
| വൈകുണ്ഠസ്വാമികൾ | യോഗക്ഷേമസഭ |
| വാഗ്ഭടാനന്ദൻ | അരയസമാജം |
| പണ്ഡിറ്റ് കെ പി കറുപ്പൻ | സമത്വസമാജം |

**ഉത്തരസൂചിക**

| എ | ബി |
|---|---|
| വി ടി ഭട്ടതിരിപ്പാട് | യോഗക്ഷേമസഭ |
| വൈകുണ്ഠസ്വാമികൾ | സമത്വസമാജം |
| വാഗ്ഭടാനന്ദൻ | ആത്മവിദ്യാസംഘം |
| പണ്ഡിറ്റ് കെ പി കറുപ്പൻ | അരയസമാജം |

**ആശയം : ദേശീയപ്രസ്ഥാനം കേരളത്തിൽ**

**പ്രവർത്തനം രണ്ട്**

സൂചകങ്ങളുടെ അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക

സൂചകങ്ങൾ - (സി കേശവൻ, ജി പി പിള്ള, ഡോ പൽപ്പു, സർ സി പി രാമസ്വാമി അയ്യർ)

| എ | ബി |
|---|---|
| മലയാളി മെമ്മോറിയൽ | ...................................... |
| ...................................... | ഡോ പൽപ്പു |
| പുന്നപ്ര വയലാർ സമരം | ...................................... |
| ...................................... | സി കേശവൻ |

**ഉത്തരസൂചിക**

| എ | ബി |
|---|---|
| മലയാളി മെമ്മോറിയൽ | ജി പി പിള്ള |
| ഈഴവ മെമ്മോറിയൽ | ഡോ പൽപ്പു |
| പുന്നപ്ര വയലാർ സമരം | സർ സി പി രാമസ്വാമി അയ്യർ |
| നിവർത്തന പ്രക്ഷോഭം | സി കേശവൻ |


## യൂണിറ്റ് ഒൺപത്

## രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

**ആശയം : രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ**

**പ്രവർത്തനം ഒന്ന്**

താഴെ തന്നിരിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.




**ഉത്തരസൂചിക**

- ദൈവദത്ത സിദ്ധാന്തം
- സാമൂഹിക ഉടമ്പടി സിദ്ധാന്തം
- ശക്തിസിദ്ധാന്തം

**ആശയം : രാഷ്ട്രത്തിന്റെ ചുമതലകൾ**

**പ്രവർത്തനം രണ്ട്**

താഴെ കൊടുത്തിരിക്കുന്ന രാഷ്ട്രത്തിന്റെ ചുമതലകളെ നിർബന്ധിത ചുമതലകൾ, വിവേചനപരമായ ചുമതലകൾ എന്നിങ്ങനെ തരംതിരിച്ചെഴുതുക.

- വിദ്യാഭ്യാസ സൗകര്യം ഒരുക്കുക
- ആഭ്യന്തര സമാധാനം
- നീതി നടപ്പാക്കൽ
- ക്ഷേമ പദ്ധതികൾ നടപ്പാക്കുക
- അതിർത്തി സംരക്ഷണം
- ആരോഗ്യസംരക്ഷണം നൽകുക

| **നിർബന്ധിത ചുമതലകൾ** | **വിവേചനപരമായ ചുമതലകൾ** |
|---|---|
| | |
| | |
| | |

**ഉത്തരസൂചിക**

| **നിർബന്ധിത ചുമതലകൾ** | **വിവേചനപരമായ ചുമതലകൾ** |
|---|---|
| ആഭ്യന്തര സമാധാനം | വിദ്യാഭ്യാസ സൗകര്യം ഒരുക്കുക |
| നീതി നടപ്പാക്കൽ | ക്ഷേമ പദ്ധതികൾ നടപ്പാക്കുക |
| അതിർത്തി സംരക്ഷണം | ആരോഗ്യസംരക്ഷണം നൽകുക |

**ആശയം : രാഷ്ട്രത്തിന്റെ അടിസ്ഥാന ഘടകങ്ങൾ**

**പ്രവർത്തനം മൂന്ന്**

ഒരു രാഷ്ട്രത്തിനുണ്ടായിരിക്കേണ്ട അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ് ഭൂപ്രദേശം. മറ്റ് ഘടകങ്ങൾ ഏതെല്ലാം?


**ഉത്തരസൂചിക**

- ജനങ്ങൾ
- ഗവൺമെന്റ്
- പരമാധികാരം

**ആശയം : രാഷ്ട്രതന്ത്രശാസ്ത്രത്തിലെ പ്രധാന പഠനമേഖലകൾ**

**പ്രവർത്തനം നാല്**

താഴെ കൊടുത്തിരിക്കുന്ന ചാർട്ട് പൂർത്തിയാക്കുക



**ഉത്തരസൂചിക**

- രാഷ്ട്രീയ സിദ്ധാന്തങ്ങൾ
- പൊതുഭരണം
- താരതമ്യരാഷ്ട്രീയം

## യൂണിറ്റ് പത്ത്

## പൗരബോധം

**ആശയം : പൗരബോധത്തെ നിർണയിക്കുന്നഘടകങ്ങൾ**

**പ്രവർത്തനം ഒന്ന്**

പൗരബോധം രൂപപ്പെടുത്തുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി വർക്ക്ഷീറ്റ് പൂർത്തിയാക്കുക

**ഉത്തരസൂചിക**

പൗരബോധം രൂപപ്പെടുത്തുന്ന ഘടകങ്ങൾ

| | |
|---|---|
| കുടുംബം | • മുതിർന്നവരെ ബഹുമാനിക്കാനും സമൂഹ്യസേവനത്തിലേർപ്പെടാനും പഠിക്കുന്നു<br>• അംഗങ്ങളിൽ കർത്തവ്യബോധം വളർത്തുന്നു. |
| വിദ്യാഭ്യാസം | • സമൂഹത്തിന്റെ പൊതുതാല്പര്യങ്ങൾ സംരക്ഷിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുന്നു<br>• മൂല്യബോധം, സഹിഷ്ണത,നേതൃത്വഗുണം, പരിസ്ഥിതിബോധം, ശാസ്ത്രബോധം തുടങ്ങിയവ വളർത്തിയെടുക്കാൻ സഹായിക്കുന്നു. |
| സംഘടനകൾ | • സേവനസന്നദ്ധതയോടെ പ്രവർത്തിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുന്നു<br>• പാരിസ്ഥിതിക അവബോധവും മനുഷ്യാവകാശബോധവും വ്യക്തികളിൽ വളർത്തുന്നു |
| മാധ്യമങ്ങൾ | • മാധ്യമങ്ങൾ നിഷ്പക്ഷവും സ്വതന്ത്രവുമായിരിക്കണം<br>• മാധ്യമങ്ങളിൽ നിന്നു ലഭിക്കുന്ന അറിവുകൾ വിമർശനാത്മകമായി വിലയിരുത്തണം |
| ജനാധിപത്യ വ്യവസ്ഥ | • പൗരബോധം വളർത്തിയെടുക്കുന്നതിനു സഹായിക്കുന്ന എല്ലാ ഘടകങ്ങളുടെയും അടിസ്ഥാനം ജനാധിപത്യമാണ്<br>• ജനാധിപത്യം ഒരു ഭരണക്രമം എന്നതിലുപരി ജീവിതശൈലിയാണ്. |

**ആശയം : പൗരബോധം നേരിടുന്ന വെല്ലുവിളികൾ**

**പ്രവർത്തനം രണ്ട്**

പൗരബോധം നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാനുള്ള മാർഗങ്ങൾ എഴുതുക.

- ഓരോരുത്തരും അവരവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക
-
-
-

**ഉത്തരസൂചിക**

- അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും തുല്യപരിഗണന നൽകുക
- പൊതുതാല്പര്യങ്ങൾ സംരക്ഷിക്കുക
- ജനാധിപത്യത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായി പ്രവർത്തിക്കുക

## യൂണിറ്റ് പതിനൊന്ന്

## സാമൂഹശാസ്ത്രം : എന്ത്? എന്തിന്?

**പ്രവർത്തനം ഒന്ന്**

സമൂഹശാസ്ത്രവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താം.

a) സമൂഹശാസ്ത്രത്തിന്റെ പിതാവ് ആര്?
b) ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്ത തത്വങ്ങൾ സമൂഹപഠനത്തിന് പ്രയോജനപ്പെടുത്തിയ ചിന്തകൻ ആര്?
c) സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ വിപ്ലവങ്ങൾ ഏതെല്ലാം?

**ഉത്തരസൂചിക**

a) അഗസ്റ്റ് കോംതെ
b) ഹെർബർട്ട് സ്പെൻസർ
c)

- ജ്ഞാനോദയം അഥവാ ശാസ്ത്രവിപ്ലവം
- ഫ്രഞ്ച് വിപ്ലവം
- വ്യാവസായിക വിപ്ലവം

**പ്രവർത്തനം രണ്ട്**

പങ്കാളിത്ത നിരീക്ഷണവും പങ്കാളിത്തരഹിത നിരീക്ഷണവും തമ്മിലുള്ള വ്യത്യാസമെന്ത്?

| പങ്കാളിത്ത നിരീക്ഷണം | പങ്കാളിത്തരഹിത നിരീക്ഷണം |
|---|---|
| • നിരീക്ഷകൻ പഠനമേഖലയിൽ നിന്നും നേരിട്ട് വിവരം ശേഖരിക്കുന്ന രീതി<br>• സമൂഹശാസ്ത്രജ്ഞൻ പഠനസംഘത്തിൽ താമസിച്ച് നേരിട്ട് വിവരം ശേഖരിക്കുന്നു<br>• ആദിമസമൂഹങ്ങളെക്കുറിച്ചുള്ള പഠനത്തിന് ഉപയോഗിക്കുന്നു | • പഠനമേഖലയ്ക്ക് പുറത്തുനിന്നും വിവരം ശേഖരിക്കുന്ന രീതി<br>• പഠനസംഘത്തിൽ താമസിച്ച് പഠനം നടത്തുന്നില്ല. |